(ബി) സംസ്ഥാനത്തെ 9 (കാസർഗോഡ്, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം) ജില്ലകളിലെ അന്തിമ ലിസ്റ്റ് പ്രസ്തുത വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ 4 (കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, തിരുവനന്തപുരം) ജില്ലകളിലെ അന്തിമ ലിസ്റ്റും പ്രസിദ്ധീകരണത്തിനായി കേന്ദ്ര സർക്കാരിന് കൈമാറാൻ തയ്യാറായിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പരാതികളുടെ അപ്ലോഡിംഗ് ഇനിയും പൂർത്തിയായിട്ടില്ല. പരാതികളുടെ തീർപ്പ് അപ്ലോഡ് ചെയ്യുന്നതിനുള്ള സോഫ്റ്റ്വെയറിൽ വന്ന സാങ്കേതിക തടസ്സമാണ് അപ്ലോഡിംഗ് വൈകാനിടയാക്കിയത്.

ദേശീയ സാമ്പത്തിക സർവ്വേ

39 (T4074) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ സാമ്പത്തിക സർവ്വേ പ്രകാരം വിവിധ മാനവ വികസന സൂചകങ്ങളിൽ കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കാമോ ?

ഉത്തരം

2011 UNDP India report പ്രകാരം മാനവ വികസന സൂചകത്തിൽ കേരളത്തിന്റെ സ്ഥാനം ഇന്ത്യയിൽ ഒന്നാമതാണ്. (മാനവ വികസന സൂചക =0.625). UNDP India report പ്രകാരം മാനവ വികസന സൂചകത്തിൽ ആഗോള റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം 119 ആണ് (മാനവ വികസന സൂചകം =0.519). ഈ റിപ്പോർട്ടിൽ കേരളത്തിന്റെ സ്ഥാനം 99 ആണ്. (ഇത് ഫിലിപ്പൈൻസിനും റിപ്പബ്ലിക് ഓഫ് മോൾഡോവാ എന്നീ രാജ്യങ്ങൾക്കും ഇടയിലാണ്.

വിവിധ പദ്ധതികളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

40 (T4075) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ, നോൺപ്ലാൻ, സംസ്ഥാനാവിഷ്കൃതം എന്നീ ഇനങ്ങളിൽ വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക എത്രയാണെന്നു വ്യക്തമാക്കാമോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഇനങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര ;

(സി) ഓരോ പദ്ധതിയിനത്തിലും ഓരോ വർഷവും ചെലവാക്കാതെവന്ന തുക എത്ര ; ലാപ്സായ തുക എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പദ്ധതി നടത്തിപ്പിലെ കാലതാമസം

41 (T4076) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാൻ എന്തെങ്കിലും പ്രത്യേക നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിക്കുന്നതിനും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനും ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പരിശോധന നടത്താൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ &ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

സംസ്ഥാന ആസൂത്രണ ബോർഡിന്റെ പുനഃസംഘടന

42 (4077) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ആസൂത്രണബോർഡിനെ പുനഃസംഘടിപ്പിക്കുന്ന വിഷയം പഠിച്ചു റിപ്പോർട്ട് നൽകുന്നതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നത് എന്താണെന്നും ചുമതലപ്പെടുത്തിയ സ്ഥാപനം ഏതാണെന്നും വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനം പ്രാഥമിക റിപ്പോർട്ടോ, കരട് റിപ്പോർട്ടോ, അന്തിമ റിപ്പോർട്ടോ നൽകിയിട്ടുണ്ടോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly